**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചെറായി-ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ചെറായി- ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ (14.1 കി.മീ.) നിർമ്മാണ പ്രവൃത്തിയുടേയും ഞാറക്കൽ 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ചെറായി - ഞാറയ്ക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി മൊത്തം 49 ട്രാൻസ്മിഷൻ ലൈൻ ടവറുകൾ നിർമ്മിക്കേണ്ടതിൽ ഇതുവരെ 23 ടവർ ഫൗണ്ടേഷനുകളുടെ നിർമ്മാണം പൂർത്തിയായി. 3 ടവർ ഫൗണ്ടേഷനുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഈ ലൈനിന്റെ 48 ടവർ ലൊക്കേഷനുകളും ചെമ്മീൻ കെട്ടുകളിലൂടെയാണ് കടന്നുപോകുന്നത് എന്നതിനാൽ വർഷത്തിൽ 5 മാസം മാത്രമേ പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ കടലിനോട് അടുത്തുള്ള സ്ഥലം ആയതിനാൽ വേലിയേറ്റം മൂലമുള്ള ബുദ്ധിമുട്ടുകളും ടവർ ഫൗണ്ടേഷൻ നിർമ്മാണത്തിന് തടസ്സ മായുണ്ട്. ഭൂവുടമകളിൽ നിന്നുള്ള എതിർപ്പുകളും പദ്ധതിയുടെ കാലതാമസത്തിന് കാരണമാണ്. നിലവിൽ മൂന്ന് ഹർജികൾ എറണാകുളം എ.ഡി.എമ്മിന് മുമ്പാകെ തീർപ്പാക്കലിനായി നിലവിലുണ്ട്.<br><br>ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച്, 66 കെ.വി. ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 kV യിൽ നിന്നും 110 kV നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ കാലാവധി എന്നുവരെ ആണെന്നും കരാർ ഏറ്റെടുത്തിട്ടുള്ളതാരാണെന്നും വ്യക്തമാക്കാമോ; | (ബി) | ചെറായി - ഞാറയ്ക്കൽ 110 kV ലൈനിന്റെ കരാർ പ്രകാരമുള്ള നിർമ്മാണ കാലാവധി 31.10.2025 വരെയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് M/s. Pratap Technocrats Pvt Ltd, Jaipur ആണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നവംബർ 2026 -ഓട് കൂടി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ